# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:300 09.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്.

### ഗതാഗത നിയമലംഘനം തടയാൻ നടപടി

| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>,, കെ. എൻ. എ. ഖാദർ:<br>,, പി. ബി. അബ്ദുൾ റസാക്:<br>,, എം. ഉമ്മർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| ചോദ്യം | | നൽകിയ മറുപടി | അന്തിമ മറുപടി |
| (എ) | ഡ്രൈവിംഗ് ലൈസൻസില്ലാതെയും മദ്യപിച്ചു കൊണ്ടും വാഹനം ഓടിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വിവരം ശേഖരിച്ചു നൽകുന്നതാണ്. | (എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇക്കാരണങ്ങളാൽ ഉണ്ടാകുന്ന റോഡപകടങ്ങളെക്കുറിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; | | (ബി). വിവര ശേഖരണം നടത്തിയിട്ടുണ്ട്. ലൈസൻസില്ലാതെ വാഹനം ഓടിച്ച് അപകടങ്ങളുണ്ടായത് സംബന്ധിച്ച് 542 കേസുകളും മദ്യപിച്ച് വാഹനം ഓടിച്ച് അപകടമുണ്ടായത് സംബന്ധിച്ച് 177 കേസുകളും 2013 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ലൈസൻസില്ലാതെയും, മദ്യപിച്ചും വാഹനം ഓടിക്കുന്നവരെയും, വ്യാജ നമ്പർ പ്ലേറ്റുപയോഗിച്ചും നിരോധിത വസ്തുക്കൾ കടത്താനും, അമിത വേഗതയിലും ഓടിക്കുന്ന വാഹന | നിയമ ലംഘനങ്ങൾ തടയുവാനായി 34 (MES) എൻഫോഴ്മെന്റ് സ്ക്വാഡ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഇവർക്ക് ഫലപ്രദമായി പരിശോധന നടത്തുവാൻ വേണ്ട ഉപകരണങ്ങൾ | |

| | | | |
|---|---|---|---|
| | ങ്ങളെയും കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | നൽകിയിട്ടുണ്ട്. അമിത വേഗത പരിശോധിക്കുവാൻ റഡാറുകളും, മദ്യപിച്ച് വാഹനം ഓടിക്കുന്നത് പരിശോധിക്കുവാൻ ആൽക്കോമീറ്ററുകളും വാങ്ങി നൽകിയിട്ടുണ്ട്. എല്ലാ ഉപകരണങ്ങളോടും കൂടിയ ഇന്റർസെപ്റ്ററുകളും ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനായി ചേർത്തല മുതൽ മണ്ണൂത്തി വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റി സഹകരണത്തോടെ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു, രണ്ടു ഘട്ടങ്ങളായാണു പദ്ധതി നടപ്പാക്കിയത്. ആദ്യ ഘട്ടത്തിലെ ചേർത്തല മുതൽ എറണാകുളം വരെയും രണ്ടാം ഘട്ടത്തിലെ എറണാകുളം മുതൽ മണ്ണൂത്തി വരെയും എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലാണ് കൺട്രോൾ റും സ്ഥാപിച്ചിട്ടുള്ളത്.<br>ഈ പ്രോജക്ടിന്റെ തുടർച്ചയായി മണ്ണൂത്തി മുതൽ മഞ്ചേശ്വരം വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റി സഹകരണത്തോടെ ക്യാമറ സ്ഥാപിക്കുന്നതിനും 2013-14 വർഷത്തെ പദ്ധതി വിഹിതത്തിന്റെ ഭാഗമായി 73.28 ലക്ഷം രൂപ | |

| | | | |
|---|---|---|---|
| | | മുടക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനും കെൽട്രോണിന് കരാർ നൽകി കഴിഞ്ഞു. ആയതിന്റെ നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു. കൂടാതെ Automation of Enforcement Wing Project ന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള 3 സ്ഥലങ്ങളിൽ (ടെക്നോപാർക്ക് ജംഗ്ഷൻ, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, കവടിയാർ ജംഗ്ഷൻ) ക്യമറകൾ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള രണ്ട് സ്ഥലങ്ങളിലും കോഴിക്കോട്ടും, എറണാകുളത്തും 5 വീതം സ്ഥലങ്ങളിലും പദ്ധതി നടപ്പാക്കി വരുന്നു. | |

സെക്ഷൻ ഓഫീസർ